പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

മാർച്ച് 2021



# Chavara Matrimony.com



## WE'VE MOVED

to our New Space in
**CHANGANACHERRY**



**New Location**

Pulickal Building,
Opp. Arch Bishop's House,
Palace Road, Aramanapady

99957 77568

Chavara Family Welfare Centre
H.O Chavara Cultural Centre, Kochi

26 Branches in Kerala,
Bangalore, Coimbatore, Mumbai & Delhi

Cultural Centre



മാർച്ച് 2021
ലക്കം 1
വാല്യം 7

*മാനേജിംഗ് എഡിറ്റർ:*
**വെരി. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. തോമസ് മാളിയേക്കൽ**
9447804646

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. മാത്യു മറ്റം**
9847660057

**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**
7012116384

**റവ. ഫാ. റിജോ ഇടമുറിയിൽ**
9497801968

*കൈക്കാരന്മാർ:*
**വിന്നിച്ചൻ കല്ലൂക്കളം**
**ജോർജ്ജുകുട്ടി വാരണത്ത്**
**ജോണി കണ്ടങ്കരി**

*കമ്മറ്റിയംഗങ്ങൾ:*
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**ജോണി കണ്ടങ്കരി**
**റ്റോജോ പടനിലം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**കൊച്ചുറാണി പനച്ചിക്കൽ**

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

**താളുകൾ മറിയുമ്പോൾ**

**സാഹോദര്യത്തിന്റെ നോമ്പ്** 01



02 **പീഡനങ്ങളെ അതിജീവിക്കാൻ മിശിഹാമാർഗ്ഗം**



**വികാരിയച്ചന്റെ സന്ദേശം** 09



11 **മാർ അപ്രേമിന്റെ നോമ്പുകാലപ്രാർത്ഥന**



**വിശുദ്ധവാര തിരുക്കർമ്മങ്ങൾ** 19







SACERDOTAL DIAMOND JUBILEE
60 YEARS OF
Grace

പൗരോഹിത്യത്തിന്റെ
വജ്രജൂബിലി ആഘോഷിക്കുന്ന
**ബഹു. മാത്യു മറ്റത്തിലച്ചന്**
ജൂബിലി മംഗളങ്ങൾ...





അസിസ്റ്റന്റ് വികാരിയായി രണ്ടുവർഷക്കാലം
സ്തുത്യർഹമായ സേവനമനുഷ്ഠിച്ച
**ബഹു. വർഗീസ് കിളിയാട്ടുശേരിയച്ചന്**
നന്ദി...

അസിസ്റ്റന്റ് വികാരിയായി
സ്ഥാനമേറ്റ
**ബഹു. തോമസ് മാളിയേക്കലച്ചന്**
ഹാർദ്ദമായ സ്വാഗതം





# മകരം തിരുനാൾ

MAKARAM THIRUNAL 2021 | MAKARAM THIRUNAL 2021 | MAKARAM THIRUNAL 2021

















## സൺഡേസ്കൂൾ പുതിയ അധ്യയനവർഷം ഉദ്ഘാടനം













ദിവ്യകാരുണ്യ ആരാധനയുടെ
മിഷണറി സമൂഹം (AASC),
മുംബൈ പ്രോവിൻസിന്റെ
പ്രൊവിൻഷ്യലായി ചങ്ങനാശേരിയിൽ
നിന്നും തെരഞ്ഞെടുക്കപ്പെട്ട
**സി. ലിസമ്മ തുരുത്തിക്കരയ്ക്ക്**
കത്തീഡ്രൽ കുടുംബത്തിന്റെ
**പ്രാർത്ഥനാശംസകൾ...**

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഇടവകാംഗങ്ങൾക്ക്

# അഭിനന്ദനങ്ങൾ...



**ബെന്നി ജോസഫ്**
വൈസ് ചെയർമാൻ
വാർഡ് 34



**ബീനാ ജോബി തൂമ്പുങ്കൽ**
ചെയർപേഴ്സൺ, ക്ഷേമകാര്യ
സ്റ്റാൻഡിംഗ് കമ്മിറ്റി, വാർഡ് 30



**എത്സമ്മ ജോബ്**
ചെയർപേഴ്സൺ, ആരോഗ്യകാര്യ
സ്റ്റാൻഡിംഗ് കമ്മിറ്റി, വാർഡ് 05



**ബാബു തോമസ്**
കൗൺസിലർ
വാർഡ് 33



**സന്തോഷ് ആന്റണി**
കൗൺസിലർ
വാർഡ് 31



**ജോമി ജോസഫ്**
കൗൺസിലർ
വാർഡ് 07



**ബീന ജിജൻ**
കൗൺസിലർ
വാർഡ് 04



**ശ്യാം സാംസൺ**
കൗൺസിലർ
വാർഡ് 24



**സാന്ദ്ര നോർമൻ**
വാഴപ്പള്ളി പഞ്ചായത്ത് മെമ്പർ,
വാർഡ് 20

# അയ്യരുകുളങ്ങര ഗ്രൂപ്പ്

സ്നേഹസ്മരണയ്ക്ക്

11 –ാം ചരമവാർഷികം
(14.03.2021)



## ജോസഫ് തോമസ്
(കുഞ്ഞച്ചൻ)
## അയ്യരുകുളങ്ങര


**അയ്യരുകുളങ്ങര**
എന്റർപ്രൈസസ്
**duroflex STORE**
മാർക്കറ്റ് റോഡ്, കവല
0481 2420434, 9495190669

**അയ്യരുകുളങ്ങര**
ഹൗസ്ഹോൾഡ് സെന്റർ
ഗൃഹോപകരണങ്ങളുടെ സൂപ്പർമാർക്കറ്റ്
മാർക്കറ്റ് റോഡ്, കവല, ചങ്ങനാശേരി
0481 2400434, 9447742463

AYYARUKULANGARA
- BUILDERS -
ARCHITECTURE ■ CONSTRUCTION ■ INTERIORS

പത്രപരസ്യങ്ങൾ കമ്പനി നിരക്കിൽ
**Ad-HIT**
**Communications**
Opp. K.S.R.T.C, Kavala
ചങ്ങനാശേരിയിലെ അംഗീകൃത പരസ്യ ഏജൻസി
0481 2424534, 9447732185

**കർഷകന്റെ കട**
വെജി. മാർക്കറ്റ്, ചങ്ങനാശേരി
പലചരക്ക്, സ്റ്റേഷനറി, പച്ചക്കറി വിത്തുകൾ
സ്വാശ്രയസംഘങ്ങളുടെ ഉത്പന്നങ്ങൾ
0481 2421558, 9447742463

# പാവനസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ

കരിങ്ങട, ചങ്ങനാശേരി



# സ്നേഹസ്മരണയ്ക്ക്



## അന്തോനിച്ചൻ

മരണം: 15.5.1954




## അന്നമ്മ ആന്റണി

മരണം: 25.4.2020

കാവാലം, പുതുപ്പറമ്പിൽ
കാവാലം നഗർ, കവല
ചങ്ങനാശ്ശേരി


പാവനസ്മരണയ്ക്ക്
റ്റി. വി. വർക്കി
മരണം 03.02.2021
തെക്കേകുന്നേൽ
വാഴപ്പള്ളി, ചങ്ങനാശേരി
തങ്കമ്മ വർക്കി
മരണം 31.03.2010

# പാവനസ്മരണയ്ക്ക്



**ആന്റണി**
**കുളത്തുങ്കൽ**
മരണം: 14.12.1996

**അന്നമ്മ ആന്റണി**
**കുളത്തുങ്കൽ**
മരണം: 16.2.2021

സ്രഷ്ടാവ് ഞങ്ങളെ നിത്യജീവിതത്തിലേക്ക്
ക്ഷണിച്ചു. ഇനി ഞങ്ങൾ നിങ്ങളുടെ പ്രാർത്ഥനകളിലും
ഓർമ്മകളിലും എന്നുമുണ്ടാകട്ടെ.

## മുഖമൊഴി

ആരാധനവത്സരത്തിലെ നോമ്പുകാലത്തിലൂടെയാണല്ലോ നമ്മൾ കടന്നുപോകുന്നത്. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും അനുതാപത്തിന്റെയും കാലഘട്ടമാണല്ലോ ഇത്. ജീവതചര്യകളെ മാറ്റി നിർത്തി ഉപവാസത്തിലൂടെയും പശ്ചാത്താപത്തിലൂടെയും പാപങ്ങൾക്ക് പരിഹാരം ചെയ്ത് ജീവിതവിശുദ്ധി നേടിയെടുക്കാൻ സഹായിക്കുന്ന കാലമാണ് നോമ്പ്. 'കോവിഡ് -19' എന്ന മഹാമാരിയുടെ തീവ്രത ഏറെ നമ്മളെ അലട്ടിയിട്ടുണ്ടെങ്കിലും ഇന്നും അത് ശമിച്ചിട്ടില്ല.

കഴിഞ്ഞ വർഷത്തെ പെസഹാത്തിരുക്കർമ്മങ്ങൾ കോവിഡ് കാരണം ഏറ്റവും ചുരുക്കിയെങ്കിലും ഈ വർഷം ആഘോഷങ്ങൾ അധികം കൂടാതെ ദൈവാനുഗ്രഹത്തിൽ നിറഞ്ഞവരായി നോമ്പ് ആചരിച്ചുകൊണ്ട് കർത്താവിന്റെ പീഡാസഹനത്തിനായി ഒരുങ്ങാം. ''ഉപവാസം കൂടെ വസിക്കലാണ് - ദൈവത്തോടും സഹോദരങ്ങളോടും.'' ദൈവത്തോടു ഒപ്പമായിരിക്കുന്നതുപോലെ എന്റെ സഹോദരങ്ങളോട് ഒപ്പമായിരിക്കുവാനും അവരുടെ സുഖ-ദുഃഖങ്ങളിൽ പങ്കുചേർന്നുകൊണ്ട് സാഹോദര്യത്തിന്റെ നോമ്പ് ആചരിക്കുവാൻ സാധിക്കട്ടെ. നമ്മുടെ പ്രാർത്ഥനയിലും പ്രവൃത്തികളിലും ദൈവവും സഹോദരനും കൂടെയുണ്ടായിരിക്കട്ടെ



സ്നേഹപൂർവ്വം,

**ചീഫ് എഡിറ്റർ**

# പീഡനങ്ങളെ അതിജീവിക്കാൻ മിശിഹാമാർഗ്ഗം

ആർച്ച്ബിഷപ്പ് ജോസഫ് പെരുന്തോട്ടം

''എന്റെ നാമം നിമിത്തം സർവ്വരും നിങ്ങളെ ദ്വേഷിക്കും. എന്നാൽ അവസാനംവരെ സഹിച്ചു നിൽക്കുന്നവൻ ജീവിക്കും'' (മത്താ. 10:22) മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ഈശോ തന്റെ ശിഷ്യർക്ക് അവരുടെ ഭാവിയെ സംബന്ധിച്ചു നൽകിയ മുന്നറിയിപ്പാണ് മുകളിൽ കൊടുത്തിരിക്കുന്ന ദൈവവചനം. മൂന്നു കാര്യങ്ങൾ ഇവിടെ സൂചിതമാണ്. ഒന്നാമത്തേത്, ഈശോയെപ്രതി എല്ലാവരുടെയും വിദ്വേഷത്തിന് അവർ ഇരയാകും. രണ്ടാമത്, അവർ ഏറെ സഹിക്കേണ്ടിവരും. മൂന്നാമത്, സഹനത്തിലും പിടിച്ചു നിൽക്കുന്നവർ വിജയിച്ച് ജീവൻ നേടും. ഈശോയുടെ മുന്നറിയിപ്പുപോലെ തന്നെയാണ് പിന്നീട് സംഭവിച്ചതും ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതും.

പെന്തെക്കുസ്തയ്ക്കുശേഷം ഈശോയെ സാക്ഷ്യപ്പെടുത്തി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ശിഷ്യന്മാർക്കെതിരേ ''ആചാര്യന്മാരും സദ്ദുക്കായരും ദൈവാലയപ്രമാണികളും കോപം ജ്വലിച്ച് അവരെ എതിർത്തു... അവരെ കയ്യേറ്റം ചെയ്തു...'' (നടപടി

**ഈശോമിശിഹായിലുള്ള നമ്മുടെ വിശ്വാസത്തെപ്രതി പീഡനങ്ങൾ ഉണ്ടാകുമ്പോൾ വിശ്വാസം ഉപേക്ഷിക്കാനോ ഭയന്നോടാനോ അല്ല ഈശോ നമ്മെ പഠിപ്പിച്ചത്; മറിച്ച്, അവസാനം വരെ സഹിച്ചു നിൽക്കാനാണ്; അതാണ് വിജയമാർഗ്ഗം എന്ന് സ്വന്തം ജീവിതത്തിലൂടെ ഈശോ തെളിയിച്ചു.**

4: 2-3). ഈശോയെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ശക്തമായി സംസാരിച്ച, സഭയിലെ ആദ്യത്തെ ഏഴ് മ്ശംശാനാമാരിൽ പ്രധാനിയായിരുന്ന എസ്തപ്പാനോസിനെതിരേ ''അവർ കോപംകൊണ്ട് ജ്വലിച്ച്.... പല്ലിറുമ്മി.... കല്ലെറിഞ്ഞു'' (നട. 7:54-58) ''കർത്താവേ ഈ പാപം അവരുടെമേൽ നീ ചുമത്തരുതേ'' എന്നുപറഞ്ഞുകൊണ്ട് എസ്തപ്പാനോസ് മരണനിദ്ര പ്രാപിച്ചു (നട. 7:60) . ഈശോ പറഞ്ഞതുപോലെ, അവസാനംവരെ സഹിച്ചു നിൽക്കുന്നതിന്റെ ഹൃദയസ്പർശിയായ ഉദാഹരണം.

ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ സഭ ജന്മംകൊണ്ട ഒറെശ്ലെമിൽ ആരംഭംമുതലേ ശക്തമായി തുടർന്നു. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ ഹേറോദേസ് രാജാവ് വാളിനിരയാക്കി (നട. 12: 2).

ദൈവവചനം പരസ്യമായി പ്രസംഗിച്ചുകൊണ്ട് ശ്ലീഹന്മാർ ഈശോ മിശിഹായുടെ ഉയിർപ്പിന് കൂടുതൽ ശക്തിയോടെ സാക്ഷ്യം വഹിച്ചു (നട. 4: 31, 33). ശ്ലീഹന്മാർവഴി വളരെ അത്ഭുതങ്ങളും ധീരകൃത്യങ്ങളും രോഗശാന്തികളും സംഭവിക്കുകയും (നട. 5:12,15,16) കർത്താവിൽ വിശ്വസിച്ച സ്ത്രീപുരുഷന്മാരുടെ സംഖ്യ ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു (നട. 5:14). പ്രധാനാചാര്യനും കൂട്ടരുമാകട്ടെ അസൂയകൊണ്ട് നിറഞ്ഞ് ശ്ലീഹന്മാരെ ബന്ധിച്ച് കാരാഗൃഹത്തിൽ അടച്ചു (നട. 5:18). എന്നാൽ, കർത്താവിന്റെ ദൂതൻ രാത്രിയിൽ കാരാഗൃഹവാതിൽ തുറന്ന് അവരെ മോചിപ്പിക്കുകയും, ദൈവാലയത്തിൽ ചെന്ന് നവജീവന്റെ വചനം ജനങ്ങളെ ഉദ്ബോധിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു (നട. 5:19-20).

സഭ വളർന്നപ്പോൾ എതിർപ്പുകളും വർദ്ധിച്ചു. ഓറെശ്ലെത്തെ സഭ കഠിനമായി പീഡിപ്പിക്കപ്പെട്ടു. ശ്ലീഹന്മാർ ഒഴികെ എല്ലാവരും യൂദായിലേക്കും സമരിയായിലേക്കും ചിതറിപ്പോയി (നട. 8: 1). തൽഫലമായി, അവിടെ പുതിയ വയലുകളിൽ സുവിശേഷ വിത്തുകൾ വിതയ്ക്കപ്പെടുകയും വിജാതീയരുടെയിടയിലും സഭ വേരുപിടിച്ചു വളരുകയും ചെയ്തു.

**തന്റെ നാമത്തെപ്രതി വിദ്വേഷത്തിനും സഹനത്തിനും ഇരയാകേണ്ടി വരുമെന്നുള്ള ഈശോയുടെ വാക്കുകളെ അന്വർത്ഥമാക്കുന്നതാണ് ശ്ലീഹന്മാരുടെയും ആദിമസഭയുടെയും ജീവിതാനുഭവങ്ങൾ. ശെമ്ഓൻ കേപ്പായും പൗലോസും റോമിൽവച്ച് സുവിശേഷത്തെപ്രതി വധിക്കപ്പെട്ടു. തോമ്മാശ്ലീഹാ ഇന്ത്യയിൽ രക്തസാക്ഷിയായി. അതേസമയം ശ്ലീഹാന്മാരുടെയും അവരുടെ പിൻഗാമികളുടെയും മറ്റനേകം പ്രേഷിതരുടെയും പ്രവർത്തനഫലമായി കർത്താവരുളിചെയ്തപോലെ ഭൂമിയുടെ അതിർത്തികൾ വരെയും സുവിശേഷം എത്തി.**

ചിതറിപ്പോയവർ ഒളിവിൽ കഴിയുകയായിരുന്നില്ല; മറിച്ച്, ചുറ്റിസഞ്ചരിച്ച് ദൈവവചനം പ്രസംഗിച്ചുകൊണ്ടിരുന്നു (നട. 8: 4). വിശ്വാസികളെ പീഡിപ്പിക്കുന്നതിലും സഭയെ ഉന്മൂലനം ചെയ്യുന്നതിലും ഏറ്റവും തീവ്രതയോടെ പ്രവർത്തിച്ചിരുന്ന സാവൂൾ കർത്താവിന്റെ പ്രത്യേകമായ ഇടപെടലിലൂടെ മാനസാന്തരപ്പെടുകയും സുവിശേഷസാക്ഷ്യത്തിന്റെ മുന്നണിപ്പോരാളിയായും വിജാതീയരുടെ ശ്ലീഹായായും നിരവധി സ്ഥലങ്ങളിൽ സഭാസമൂഹങ്ങൾക്ക് ജന്മം നൽകുകയും ചെയ്തു.

തന്റെ നാമത്തെപ്രതി വിദ്വേഷത്തിനും സഹനത്തിനും ഇരയാകേണ്ടിവരുമെന്നുള്ള ഈശോയുടെ വാക്കുകളെ അന്വർത്ഥമാക്കുന്നതാണ് ശ്ലീഹന്മാരുടെയും ആദിമസഭയുടെയും ജീവിതാനുഭവങ്ങൾ. ശെമ്ഓൻ കേപ്പായും പൗലോസും റോമിൽവച്ച് സുവിശേഷത്തെപ്രതി വധിക്കപ്പെട്ടു. തോമ്മാശ്ലീഹാ ഇന്ത്യയിൽ രക്തസാക്ഷിയായി. അതേസമയം ശ്ലീഹാന്മാരുടെയും അവരുടെ പിൻഗാമികളുടെയും മറ്റനേകം പ്രേഷിതരുടെയും പ്രവർത്തനഫലമായി കർത്താവരുളിചെയ്തപോലെ ഭൂമിയുടെ അതിർത്തികൾവരെയും സുവിശേഷം എത്തി. റോമാസാമ്രാജ്യത്തിൽ വളർന്നുവികസിച്ച സഭ റോമാചക്രവർത്തിമാരുടെ നേതൃത്വത്തിൽ നടന്ന നിഷ്ഠൂര പീഡനങ്ങൾക്കിരയായി. മെത്രാന്മാരും വൈദികരും വിശ്വാസികളും അതിക്രൂരമായി വധിക്കപ്പെട്ടു. ഏഷ്യൻ ഭൂഖണ്ഡങ്ങളിൽ മദ്ധ്യപൂർവ്വദേശങ്ങളിലും ഇന്ത്യയിലും ചൈനവരെയും വളർന്നു ശക്തിപ്പെട്ട സുറിയാനിസഭകൾ വ്യാപകമായ മതപീഡനത്തിന്റെ ഫലമായി മിക്കയിടങ്ങളിലും ഉന്മൂലനം ചെയ്യപ്പെടുകയോ നാമമാത്രമായി അവശേഷിക്കുകയോ ചെയ്തു. പൗരസ്ത്യസുറിയാനിസഭയിലെ വിശ്വാസികളും വൈദികരും സമർപ്പിതരും മെത്രാന്മാരും വിവിധ മതപീഡനങ്ങളിൽ കൂട്ടംകൂട്ടമായി രക്തസാക്ഷിത്വം വരിച്ചിട്ടുണ്ട്. അതേസമയം, പീഡനങ്ങളെ

അതിജീവിക്കാൻ സാധിക്കാതെ വിശ്വാസം ത്യജിച്ചവരുമുണ്ട്. ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും സുവിശേഷത്തിനുവേണ്ടി രക്ത സാക്ഷിത്വം വരിച്ച സഭാമക്കളുടെ വീരകഥകളാൽ അലംകൃതമാണ് സഭയുടെ ചരിത്രം.

## ഇന്നും തുടരുന്ന ക്രൈസ്തവ പീഡനം

ആഗോളതലത്തിൽത്തന്നെ ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ അടുത്തകാലത്ത് വർദ്ധിച്ചുവരുന്നതായിട്ടാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ആദിമസഭ നേരിട്ടതിനേക്കാൾ മോശമായ അവസ്ഥയിലാണ് ഇന്നത്തെ ക്രൈസ്തവർ എന്നാണ് ഫ്രാൻസിസ് പാപ്പായുടെ അഭിപ്രായം. പീഡനങ്ങളാലും ക്ലേശങ്ങളാലും വലയുന്ന സഭകൾക്ക് അടിയന്തരസഹായങ്ങളും ആശ്വാസവും നൽകുന്ന ഒരു ജീവകാരുണ്യ പ്രസ്ഥാനമാണ് A C N (Aid to the Church in Need). ഏതാണ്ട് 140 രാജ്യങ്ങളിൽ ഇപ്രകാരമുള്ള സഹായങ്ങൾ ചെയ്തുവരുന്നു. ആഗോളതലത്തിൽ ക്രൈസ്തവർക്കും ക്രൈസ്തവ വിശ്വാസത്തിനും എതിരേ നടക്കുന്ന പീഡനങ്ങളെക്കുറിച്ചു A C N -ന്റെ കണ്ടെത്തലുകൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. 196 രാജ്യങ്ങളിലെ സാഹചര്യങ്ങൾ പഠനവിധേയമാക്കിയതിൽ നിന്ന് മനസ്സിലായത് ലോകത്തിൽ ഏതാണ്ട് 30 കോടി ക്രൈസ്തവർ ഏതെങ്കിലും തരത്തിലുള്ള ക്രൈസ്തവ പീഡനം നടക്കുന്ന രാജ്യങ്ങളിൽ വസിക്കുന്നവരാണെന്നാണ്. അതായത് ക്രൈസ്തവരിൽ ഏഴിലൊന്ന് ഇപ്രകാരമുള്ള ജീവിതസാഹചര്യങ്ങളിലാണ് ജീവിക്കുന്നത്. നിയമാനുസൃതമല്ലാത്ത അറസ്റ്റ്, അക്രമം, മനുഷ്യാവകാശനിഷേധം, കൊലപാതകം തുടങ്ങിയ പ്രതികൂലസാഹചര്യങ്ങളിലാണവർ.



2018 -ൽ വിശ്വാസത്തിന്റെ പേരിൽ 4000-ലധികം ക്രൈസ്തവർ കൊല്ലപ്പെട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ ക്രൈസ്തവ വിരുദ്ധ മനോഭാവം നിലനിൽക്കുന്ന 50 രാജ്യങ്ങളിൽ കുറഞ്ഞത് 11 ക്രിസ്ത്യാനികൾ ഓരോ ദിവസവും കൊല്ലപ്പെടുന്നുണ്ട്. 2016 ജൂൺ

മുതൽ 2018 ജൂൺ വരെയുള്ള കാലഘട്ടത്തിൽ 38 രാജ്യങ്ങളിലാണ് മതസ്വാതന്ത്ര്യം ഏറ്റവും രൂക്ഷമായി ലംഘിക്കപ്പെട്ടത്. അവയിൽ ത്തന്നെ 17 രാജ്യങ്ങളിൽ ക്രൈസ്തവർ കൂടുതലുള്ള ന്യൂനപക്ഷ മതവിഭാഗങ്ങളാണ് ഏറ്റവും രൂക്ഷമായ മതവിവേചനത്തിനിരയാകുന്നത്. 21 രാജ്യങ്ങളിൽ മരണംവരെയാകാവുന്ന നേരിട്ടുള്ള പീഡനങ്ങളാണ് അരങ്ങേറുന്നത്.

വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെടുന്ന ക്രിസ്ത്യാനികളുടെ കൃത്യമായ സംഖ്യ വ്യക്തമല്ല. 2015 ജൂൺ മുതൽ മുതൽ 2017 ജൂൺ വരെയുള്ള കാലഘട്ടത്തിൽ ഒരു ലക്ഷത്തിൽ താഴെ ക്രൈസ്തവർ വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ടിട്ടുണ്ട്. ഏറ്റവും അടുത്ത കാലത്തെ ഒരു കൂട്ടക്കൊല 2019 ഈസ്റ്റർ പ്രഭാതത്തിൽ ശ്രീലങ്കയിൽ നടന്നതാണ്. അന്ന് മൂന്ന് ദൈവലയങ്ങളിലായി നടന്ന മനുഷ്യബോംബാക്രമണത്തിൽ 150 ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു.

ACN പഠനത്തിലൂടെ വ്യക്തമാകുന്നത്, ഏഷ്യയിൽ ക്രൈസ്തവ പീഡനം ഇപ്പോൾ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നത് ദക്ഷിണേഷ്യയിലെയും കിഴക്കനേഷ്യയിലെയും രാജ്യങ്ങളായ മ്യാൻമർ (ബർമ്മാ)ഇന്ത്യ, പാക്കിസ്ഥാൻ, ചൈന, വടക്കൻ കൊറിയ തുടങ്ങിയ സ്ഥലങ്ങളിലാണ്. ലോകത്ത് കൂടുതൽ ക്രൈസ്തവപീഡനം നടക്കുന്ന 10 രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണെന്നുള്ള കണ്ടെത്തൽ തമ്മിൽ ആശങ്കയുളവാക്കുന്നു.

ഏകദേശം 20 കോടി ജനങ്ങളുള്ള നൈജീരിയയിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഏറെക്കുറെ തുല്യ സംഖ്യയാണ്. തെക്ക് ക്രിസ്ത്യാനികളും വടക്ക് മുസ്ലീങ്ങളുമാണ് ഭൂരിപക്ഷം. 2015 ന് ശേഷം 11500 നു മുകളിൽ ക്രിസ്ത്യാനികൾ ഇവിടെ വധിക്കപ്പെട്ടിട്ടുണ്ട്. 2020 ൽ 1350 നൈജീരിയൻ ക്രിസ്ത്യാനികൾ രക്തസാക്ഷികളായി.

2011 ലെ ആഭ്യന്തരയുദ്ധത്തെത്തുടർന്ന് സിറിയായിലെ ക്രൈസ്തവ ജനസംഖ്യയിൽ 75% രാജ്യത്തിന് നഷ്ടപ്പെട്ടു. ഏതാണ്ട് 22 ലക്ഷമുണ്ടായിരുന്ന ക്രിസ്ത്യാനികൾ കഴിഞ്ഞവർഷമായപ്പോൾ 744000 ആയി കുറഞ്ഞു. 2003 ലെ ഗൾഫ് യുദ്ധത്തിനുശേഷം ഇറാക്കിലെ ക്രൈസ്തവ ജനസംഖ്യയിൽ 87% കുറവുണ്ടായി. അതായത് 15 ലക്ഷത്തിൽ നിന്ന് ഏതാണ്ട് രണ്ടു ലക്ഷമായി കുറഞ്ഞിരിക്കുന്നു.


ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും സമാധാനം ആഗ്രഹിക്കുന്നവരാണെങ്കിലും മതതീവ്രവാദികളായ ഒരു ചെറിയ ന്യൂനപക്ഷമാണ് സമാധാനാന്തരീക്ഷം തകർക്കുന്നതും ഭീകരപ്രവർത്തനങ്ങളിലൂടെ ഇവിടെ മതസ്വാതന്ത്ര്യം ഇല്ലാതാക്കി പീഡനങ്ങൾക്ക് നേതൃത്വം

കൊടുക്കുന്നതും. ഭരണാധികാരികൾ ചിലപ്പോൾ നിസ്സഹായരോ നിസംഗരോ ആയി പോകുന്നു. ചിലരുടെ ഭാഗത്തുനിന്ന് പരോക്ഷ മായ പിന്തുണയും ചുരുക്കം ചിലർ പ്രത്യക്ഷമായ മതവിവേചനവും പുലർത്തുന്നു.

## പരിഹാരത്തിന് മിശിഹാമാർഗ്ഗം

ഈശോമിശിഹായിലുള്ള നമ്മുടെ വിശ്വാസത്തെപ്രതി പീഡന ങ്ങൾ ഉണ്ടാകുമ്പോൾ വിശ്വാസം ഉപേക്ഷിക്കാനോ ഭയന്നോടാനോ അല്ല ഈശോ നമ്മെ പഠിപ്പിച്ചത്; മറിച്ച്, അവസാനം വരെ സഹി ച്ചു നിൽക്കാനാണ്; അതാണ് വിജയമാർഗ്ഗം എന്ന് സ്വന്തം ജീവി തത്തിലൂടെ ഈശോ തെളിയിച്ചു. സ്നേഹത്തിനും സത്യത്തിനും വിരുദ്ധമായ മനോഭാവമാണ് മറ്റുള്ളവരെ പീഡിപ്പിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നത്. വെറുപ്പും വിദ്വേഷവുമൊക്കെ അതിന്റെ ദോഷ ഫലങ്ങളാണ്. അവയെ ജയിക്കാൻ സ്നേഹത്തിലും സത്യത്തിലും നമ്മൾ ഉറച്ചുനിൽക്കണം. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' എന്നുള്ള ഈശോയുടെ ക ല്പനയും, 'ഞാനാണ് വഴിയും സത്യവും ജീവനു'മെന്നും, 'സത്യം നിങ്ങളെ സ്വതന്ത്രരാക്കു'മെന്നുമുള്ള ഈശോയുടെ വാക്കുകളാണ് മിശിഹാമാർഗ്ഗം. ഈ മാർഗ്ഗം അവലംബിക്കാനാണ് ഈശോ നമ്മെ ആഹ്വാനം ചെയ്തത്.

ഈശോതന്നെ, തനിക്ക് നേരിടേണ്ടിവരുന്ന എതിർപ്പുകളെയും പീഡനങ്ങളെയും അതിജീവിക്കാനുള്ള ആത്മീയശക്തി ആർജ്ജി ക്കാനാണ് 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചത്. അങ്ങനെ ആത്മാ വിൽ ശക്തിപ്പെട്ടാണ് ഈശോ പ്രലോഭനങ്ങളെ പരാജയപ്പെടുത്തി



തിന്മയുടെമേലും മരണത്തിന്റെമേലും വിജയം നേടിയത്. തന്നെ വെറുത്തവരെയും പീഡിപ്പിച്ചവരെയും ഈശോ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തന്നെ ഒറ്റിക്കൊടുത്ത യൂദാസിനെയും ഈശോ അവസാനംവരെ സ്നേഹിച്ചു. കുരിശിൽ ക്കിടന്ന് വേദന സഹിക്കുമ്പോഴും തന്നെ പരിഹസിക്കുന്നവർക്കും പീഡിപ്പിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിച്ചു; അവരോട് ക്ഷമിച്ചു. ഇതാണ് തിന്മയുടെ മേലുള്ള യഥാർത്ഥ വിജയം. കോപിക്കുന്നവ നോട് തിരിച്ചു കോപിക്കുന്നതോ, അടിക്കുന്നവനെ തിരിച്ചടിക്കുന്ന തോ അല്ല യഥാർത്ഥ വിജയമെന്ന്, മറിച്ച് അവരോട് ക്ഷമിക്കുന്ന തും സ്നേഹത്തോടെ പെരുമാറുന്നതുമാണ് വിജയമെന്ന് ഈശോ കാണിച്ചു തന്നു. ഇതാണ് മിശിഹാമാർഗ്ഗം.

ഈ മിശിഹാമാർഗ്ഗത്തിൽ ശക്തമായി കാലുറപ്പിച്ച് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ മിശിഹാ തന്റെ അനുയായികളെ ലോകത്തി ലേക്കയച്ചിരിക്കുന്നു. ലോകത്തിന്റേതായ മാർഗ്ഗത്തിൽ ചരിക്കാനല്ല, മിശിഹാമാർഗ്ഗത്തിൽ എല്ലായിടത്തും ആയിരിക്കാൻ. ഈശോ നമ്മെ അനാഥരായി വിടുകയില്ലെന്നും നമ്മോടുകൂടി ലോകാവസാനംവരെ ഉണ്ടായിരിക്കുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. എതിരാളികളുടെ വിദ്വേഷവും വെറുപ്പും പീഡനങ്ങളും നമ്മൾ നേരിടേണ്ടിവരും. അ തിനുള്ള പരിഹാരം മിശിഹാമാർഗ്ഗമാണ്. ശ്ലീഹന്മാരെപ്പോലെയും എണ്ണമറ്റ രക്തസാക്ഷികളെപ്പോലെയും ധീരതയോടെ എവിടെയും ഈശോയുടെ നാമത്തിൽ സംസാരിക്കാൻ ശക്തിയാർജ്ജിക്കുന്നതിന് ഈ നോമ്പാചരണം നമുക്ക് പ്രയോജനപ്പെടുത്താം. മരണത്തിലൂടെ മരണത്തെ പരാജയപ്പെടുത്തിയ ഈശോയുടെ കൃപ നിങ്ങളെല്ലാവ രോടും കൂടി ഉണ്ടായിരിക്കട്ടെ. ●





# വികാരിയച്ചന്റെ സന്ദേശം

ഈശോയിൽ ഏറ്റവും പ്രിയമുള്ളവരേ,

കോവിഡ് പ്രതിസന്ധികൾക്കിടയിലും നമ്മുടെ തിരുനാൾ ഭക്തി സംവർധകമായി നടത്തുവാൻ സാധിച്ചത്തിന് നല്ലവനായ ദൈവത്തിന് നമുക്ക് നന്ദി പറയാം. ഇദംപ്രഥമമായി നമ്മുടെ ഇടവകയുടെ എല്ലാ ഭാഗത്ത്കൂടെയും നടന്ന പ്രദക്ഷിണം അനുഗ്രഹദായകമായി. നമ്മുടെ തിരുനാൾ ഇത്ര ഭംഗിയായി നടത്തുവാൻ സഹകരിച്ച എല്ലാവരെയും വിശുദ്ധ സെബസ്ത്യാനോസ് സഹദാ അനുഗ്രഹിക്കട്ടെ.

തിരുനാൾ ആചരണത്തിനുശേഷം നാം അനുതാപത്തിന്റെയും ആത്മവിശുദ്ധീകരണത്തിന്റെയും കാലമായ സൗമാ റമ്പാ, അഥവാ വലിയ നോമ്പിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവത്തോടും സഹോദരങ്ങളോടും അനുരഞ്ജനപ്പെടുവാനും, കടങ്ങൾ വീട്ടാനും അത് ഇളച്ചു കൊടുക്കാനും, അങ്ങനെ ജീവിതനവീകരണം പ്രാപിക്കാനുള്ള അവസരം ആണല്ലോ നോമ്പുകാലം. നോമ്പാചരിച്ചും കുടുംബപ്രാർത്ഥനയിലും ദേവാലയതിരുക്കർമ്മങ്ങളിലും സജീവമായ പങ്കുചേർന്നും ഉത്ഥിതനായ മിശിഹാ നൽകുന്ന നവജീവൻ പ്രാപിക്കാൻ നമുക്ക് പരിശ്രമിക്കാം.

**2021–2022 കുടുംബവിശുദ്ധീകരണ വർഷം**

മാർ യൗസേപ്പിതാവിന്റെ വർഷം ആചരിക്കുന്നതോടൊപ്പംതന്നെ ഈ വർഷം മാർച്ച് 19 ാം തീയതി മുതൽ കുടുംബ വിശുദ്ധീകരണ വർഷമായി ആചരിക്കുവാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തിരിക്കുകയാണ്. Amoris Laetitia 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തരരേഖ പുറപ്പെടുവിച്ചത്തിന്റെ അഞ്ചാം



വാർഷികത്തിലാണ് പാപ്പ ഈ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. 2022 ജൂൺ 26 നു നടക്കുന്ന ആഗോള കുടുംബസംഗമം വരെയാണ് ഈ ആചരണം.

നമ്മുടെ കുടുംബങ്ങളുടെ നവ സുവിശേഷവൽക്കരണമാണ് ഈ ആചരണം കൊണ്ട് പരിശുദ്ധ പിതാവ് ലക്ഷ്യംവയ്ക്കുന്നത്. ദമ്പതികൾ വൈവാഹിക കൂദാശ കൃപയിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുവാനും, മക്കൾ പ്രത്യേകിച്ച് യുവജനങ്ങൾ സ്നേഹമസൃണമായ രൂപവൽക്കരണം നേടുവാനും അവരെ പരിശീലിപ്പിക്കുന്ന കർമ്മപദ്ധതികൾ ആവിഷ്കരിച്ച് 'സ്നേഹത്തിൽ ആനന്ദ കുടുംബങ്ങൾ' രൂപവത്കരിക്കാനും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നു. കുടുംബങ്ങൾ ഗാർഹികസഭയായി വളരുവാനും തിരുസഭ കുടുംബങ്ങളുടെ കുടുംബമാണെന്ന അവബോധം സൃഷ്ടിക്കാനും പരിശ്രമിക്കണമെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു. ഒരു ഉഭയ സമ്മാനമായി കുടുംബത്തെ കണ്ടെത്തുകയും അനുഭവിക്കുകയും ചെയ്യുന്നവർ സഭയ്ക്കും സമൂഹത്തിനും ഒരു സമ്മാനം ആയി പരിണമിക്കുകയും അവർ ലോകത്തിന്റെ ഇരുട്ടിൽ പ്രകാശം വിതറുകയും ചെയ്യുമെന്ന് പരി. പിതാവ് നിരീക്ഷിക്കുന്നു. അങ്ങനെ നമ്മുടെ കുടുംബങ്ങൾ കുടുംബപ്രേഷിതത്വത്തിന്റെ സാക്ഷികളായി മാറണം.

പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം ചെവിക്കൊണ്ട് നമ്മുടെ ഓരോ കുടുംബവും വിശുദ്ധീകരിക്കപ്പെടുവാൻ കുടുംബവർഷത്തിൽ നമുക്ക് പരസ്പരം പ്രാർത്ഥിക്കുകയും ചെയ്യാം.

ഈശോ നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

•






# കുടുംബവിശുദ്ധീകരണ വർഷം

**മാർച്ച് 19 ാം തീയതി മുതൽ 2022 ജൂൺ 26 വരെ**

# മാർ അപ്രേമിന്റെ നോമ്പുകാലപ്രാർത്ഥന

**ഡോ. ജോസ് കൊച്ചുപറമ്പിൽ**




ഗ്രീക്ക് ഓർത്തഡോക്സ് പാരമ്പര്യത്തിൽ നോമ്പുകാലത്ത് തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിലെ നോമ്പുകാല പ്രാർത്ഥനകൾ അവസാനിക്കുന്നത് മാർ അപ്രേമിന്റെ നോമ്പുകാല പ്രാർത്ഥന രണ്ടു പ്രാവശ്യം ചൊല്ലി പന്ത്രണ്ടു പ്രാവശ്യം വരെ നിലം കുമ്പിട്ട് ആരാധിച്ചുകൊണ്ടാണ്. വലിയ നോമ്പിന്റെ ചൈതന്യം മുഴുവനും നിറഞ്ഞുനിൽക്കുന്ന ഏറ്റവും പ്രധാന പ്രാർത്ഥനയായാണ് ഈ അപേക്ഷയെ ഗ്രീക്കുസഭ കണക്കാക്കുന്നത്. പൗരസ്ത്യ ക്രിസ്തീയ ആദ്ധ്യാത്മികതയുടെ മഹാഗുരുവായ മാർ അപ്രേമിന്റെ പ്രാർത്ഥനയാകയാൽ സുറിയാനി സഭകൾക്കും ക്രിസ്തീയ വിശ്വാസികളേവർക്കും പ്രിയങ്കരമായ പ്രാർത്ഥനയാണിത്. നോമ്പിന്റെ ഈ പ്രാർത്ഥന കേവലം ഒരു അപേക്ഷയല്ല. ഒരു ആദ്ധ്യാത്മിക സാധനകൂടെയാണ്. പ്രാർത്ഥന ഇങ്ങനെയാണ്:

**എന്റെ ജീവിതത്തിന്റെ ഉടയവനും നാഥനുമായ ദൈവമേ,**
**എന്നിൽ നിന്നും മന്ദതയുടെ അരൂപിയും**
**ദുർബല ഹൃദയവും അധികാരാസക്തിയും**
**അലസഭാഷണവും എടുത്തുമാറ്റണമേ.**
**പകരം എന്റെ നാഥനും രാജാവുമായവനേ,**
**നിന്റെ ദാസനു/ ദാസിക്ക് ശുദ്ധതയുടെ അരൂപിയും**
**എളിമയും ക്ഷമയും സ്നേഹവും നൽകണമേ.**
**സ്വന്തം തെറ്റുകൾ തിരിച്ചറിയാനും**
**എന്റെ  സഹോദരനെ വിധിക്കാതിരിക്കാനും**
**എന്നെ അനുഗ്രഹിക്കണമേ.**
**എന്തുകൊണ്ടെന്നാൽ നീ എന്നേക്കും**
**വാഴ്ത്തപ്പെട്ടവനാകുന്നു, ആമ്മേൻ.**

*(ഈ പ്രാർത്ഥന ഒരു പ്രാവശ്യം മാത്രം ചൊല്ലുമ്പോൾ ഓരോ പാദത്തിനുംശേഷം കുമ്പിട്ടുകൊണ്ട് "ഓ ദൈവമേ, പാപിയായ എന്നെ ശുദ്ധീകരിക്കണമേ"എന്നും ചൊല്ലുന്നു.)*

വലിയ നോമ്പു ലക്ഷ്യംവയ്ക്കുന്ന വ്യക്തിതല- സഭാതല ആദ്ധ്യാത്മിക നവീകരണ പരിശീലനത്തിന്റെ വിവിധ പടികളാണ് ഈ പ്രാർത്ഥനയിലൂടെ അനാവൃതമാകുന്നത്. ആത്മീയജീവിത നവീകരണത്തിന്റെ ആദ്യപടി, അത് ഒരു ദൈവിക പ്രവർത്തനമാണെന്ന് അംഗീകരിക്കുകയാണ്. ദൈവത്തിന്റെ പ്രവർത്തനമാണ് അവിടെ ആദ്യം ആരംഭിക്കുന്നത്. മനുഷ്യന്റെ ആഗ്രഹങ്ങളോ, നിശ്ചയങ്ങളോ അല്ല ഇതിന്റെ അടിസ്ഥാനം. അതുകൊണ്ടാണ് ആത്മീയജീവിത നവീകരണം ഒരു പ്രാർത്ഥനകൊണ്ട് ആരംഭിക്കുന്നത്. പ്രാർത്ഥന മാത്രമാണ് ഈ കൃപാവാതായനത്തിലൂടെ പ്രവേശിക്കാനുള്ള താക്കോൽ.

പ്രാർത്ഥനയുടെ ഉള്ളടക്കമാകട്ടെ ഒരു ജീവിത നവീകരണപ്രക്രിയയുടെ പടവുകളിലേയ്ക്കാണ് ഒരുവനെ ആനയിക്കുന്നത്. പ്രാർത്ഥനയുടെ ആദ്യഭാഗം മനുഷ്യനെ ആത്മീയജീവിതത്തിൽ ജഡനും നിഷ്ക്രിയനുമാക്കുന്ന നിഷേധാത്മകതയിൽ നിന്ന് കരകയറാനുള്ള യാചനകളാണ്. അതിന്റെ രണ്ടാം ഭാഗമാകട്ടെ, മനുഷ്യന്റെ ഉള്ളിൽ നിന്ന് എടുത്തുകളയേണ്ട നിഷേധാത്മക നശീകരണ പ്രവണതകളുടെ സ്ഥാനത്ത് വിതയ്ക്കേണ്ട നല്ല വിത്തുകളെക്കുറിച്ചുള്ള പ്രതിപാദനവുമാണ്.

*ശേഷം...* ▶▶▶



**ആത്മീയ ഉണർവ്**
**ഹൃദയവിശുദ്ധീകരണം**
**അധികാരാസക്തിയിൽ നിന്നു മോചനം**
**അലസഭാഷണം ഉപേക്ഷിക്കുക**
**ശുദ്ധതയുടെ അരൂപി:**
**എളിമയും ക്ഷമയും**
**തെറ്റുതിരുത്തൽ**

## i. ആത്മീയ ഉണർവ്

ആത്മീയ ആലസ്യമാണ് മനുഷ്യനെ ഉന്നതങ്ങളിലേയ്ക്കുയരാനാകാതെ തളർത്തിയിടുന്നത്. ആത്മീയാവസാദം അഥവാ മന്ദത ദൈവികകാര്യങ്ങളിൽ താൽപ്പര്യക്കുറവും നൈരാശ്യവും ഉളവാക്കുന്നു. ഈ മന്ദതയുടെ അരൂപിയിൽനിന്ന് ഉണർത്തണമേ എന്നാണ് ആദ്യ അപേക്ഷ. പൗരസ്ത്യ സുറിയാനി നിശാപ്രാർത്ഥനയിൽ 'ആലസ്യത്തിൽ' നിന്നുണർത്തണമേ എന്നുണ്ടല്ലോ ('അലസതയിൽ' നിന്ന് ഉണർത്തണമേ എന്ന് ഇപ്പോഴത്തെ ടെക്സ്റ്റിൽ).

ജഡികകാര്യങ്ങളിൽ മനസ്സു വയ്ക്കുന്നവൻ, പാപച്ചങ്ങലകളിൽ ബന്ധിതനായവൻ; മനുഷ്യാത്മാവിന്റെ ഈ അവസ്ഥാന്തരങ്ങളിൽ നിന്ന് അവനെ കരകയറ്റേണ്ടത് ആത്മീയ ഉണർവ്വാണ്. ''ഒരു മണിക്കൂർ എന്നോടുകൂടി ഉണർന്നിരിക്കാൻ''(മത്താ26: 40) കർത്താവ് ക്ഷണിക്കുന്നുണ്ടല്ലോ. എന്നാൽ ലൗകികനിദ്രാലസ്യത്തിൽ നിന്നുണർന്നുയരുന്നതിൽനിന്ന് ശരീരത്തെ തളർത്തിയിടുന്ന മന്ദതയെ ജയിക്കാൻ പകരം വയ്ക്കാനാവാത്ത ഒരേയൊരുപാധിയാണ് പ്രാർത്ഥന എന്ന് ഈ യാചനയുടെ ഒന്നാമത്തെ ഭാഗം ചൂണ്ടിക്കാട്ടുന്നു.

## ii. ഹൃദയവിശുദ്ധീകരണം

മറ്റൊന്നാണ് ദുർബലഹൃദയം: ഹൃദയം ആഭ്യന്തര ആത്മീയ യുദ്ധക്കളരിയാണ്. സെമിറ്റിക് ചിന്ത അനുസരിച്ച് ഹൃദയം വികാരത്തിന്റെ മാത്രമല്ല; വിചാരങ്ങളുടെയും നന്മതിന്മകൾ തിരഞ്ഞെടുക്കുന്ന ഇച്ഛാശക്തിയുടെയും നികേതനമാണ്. ആഗ്രഹിക്കുന്ന നന്മ ചെയ്യാനാവാത്തത് ഹൃദയം ദുർബലമാകുന്നതിനാലാണ്. അതുകൊണ്ടാണ് പാപത്തിനു വഴങ്ങുന്ന ദുർബല ഹൃദയത്തെ - മനഃസാക്ഷി കല്ലിച്ചുപോയ ശിലാഹൃദയത്തെ - എടുത്തുമാറ്റി ജീവരക്തമൊഴുകുന്ന

മാംസളഹൃദയം നമുക്കു തരുമെന്നു പ്രവാചകൻ പ്രവചിച്ചതും (എസക്കിയേൽ 36:25); നിർമ്മല ഹൃദയം എന്നിൽ സൃഷ്ടിക്കണമേ യെന്നു സങ്കീർത്തകൻ പ്രാർത്ഥിച്ചതും (സങ്കീ. 51:10).

## iii. അധികാരാസക്തിയിൽ നിന്നു മോചനം

അധികാരാസക്തിയാണ് നമ്മിൽ നിന്ന് എടുത്തുമാറ്റേണ്ട അടുത്ത തിന്മ. രാഷ്ട്രീയ മതാധികാരങ്ങൾക്കുവേണ്ടിയുള്ള ആസക്തിയേ മാത്രമേ ഈ വാക്കിൽ സാധാരണ അർത്ഥമാക്കാറുള്ളുവെങ്കിലും ഇവിടെ ഉദ്ദേശിക്കുന്നത് എന്തു വിലകൊടുത്താലും എന്റെ ഇഷ്ട ങ്ങൾ, താത്പര്യങ്ങൾ നടപ്പിലാക്കണമെന്ന അഹത്തിന്റെ ഭാവവും സ്വാർത്ഥതയുമാണ്. മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതി ബഹുമാനിക്കാനാണല്ലോ പൗലോസ് ശ്ലീഹാ ആവശ്യപ്പെടുന്നത് (ഫിലി 2:3). മറ്റുള്ളവരെ അടിച്ചമർത്താനും ചവിട്ടിത്തേക്കാനും നിന്ദിക്കാനും നിരാകരിക്കാനും ശ്രമിക്കുന്ന അധികാരാസക്തിയിൽ നിന്നാണ് നാം വിടുതൽ പ്രാപിക്കേണ്ടത്.

## iv. അലസഭാഷണം ഉപേക്ഷിക്കുക

അലസഭാഷണം കടിഞ്ഞാണില്ലാത്ത മനസ്സിന്റെ വ്യാപാരമാണ് വ്യക്തമാക്കുന്നത്. ഓരോ വാക്കിനും കണക്കു കൊടുക്കേണ്ടി വരുമെങ്കിൽ (മത്താ 12:36) അർത്ഥം പൂഴ്ത്തിവയ്ക്കുന്ന പാഴ്വചന ങ്ങൾ നമ്മിലെ തന്നെ അന്തസ്സാരശൂന്യതയാണ് വെളിവാക്കുന്നത്. ദൈവത്തേയും മറ്റുള്ളവരേയും സ്വന്തം മനഃസ്സാക്ഷിയേയും തന്നെ കേൾക്കാൻ മനസ്സില്ലാത്തവരുടെ ജല്പനങ്ങളാണ് അലസഭാഷണം. ഉത്തരവാദിത്വപൂർണ്ണമായ മധുരോക്തികളും അനുഗ്രഹവചസ്സുക ളുമാണ് പകരം നമ്മിലുണ്ടാകേണ്ടത്. പ്രാർത്ഥനയുടെ രണ്ടാംഭാഗ ത്താകട്ടെ നാം നേടിയെടുക്കേണ്ട സൽഗുണങ്ങൾക്കുവേണ്ടിയാണ് അപേക്ഷിക്കുന്നത്.

## 1. ശുദ്ധതയുടെ അരൂപി

ശുദ്ധതയുടെ അരൂപി: ജിവിതസമഗ്രതയുടെ അരൂപിയാണത്. ഹൃദയശുദ്ധിയുള്ളവനു ലഭിക്കുന്ന ദൈവിക ദർശനങ്ങളിലേയ്ക്ക് ഇതു വിരൽ ചൂണ്ടുന്നു. മനോവാക് കർമ്മങ്ങളിലെ ശുദ്ധിയും വിശു ദ്ധിയും നിലനിർത്താൻ ഒരു ചെറുനോട്ടത്തിൽപ്പോലും എത്രമാത്രം സൂക്ഷിക്കണമെന്ന് നമ്മുടെ കർത്താവു തന്നെ പഠിപ്പിക്കുന്നുണ്ടല്ലോ (മത്താ. 5:28).

## 2. എളിമയും ക്ഷമയും

എളിമയും ക്ഷമയും സ്നേഹവും ഒരുവനെ ക്രിസ്തീയ സമ്പന്നത യിലേയ്ക്ക് നയിക്കുന്ന സുകൃതങ്ങളാണ്. ഈശോയുടെ ജീവിതമാ

**അർത്ഥം പൂഴ്ത്തിവയ്ക്കുന്ന പാഴ്‌വചനങ്ങൾ നമ്മിലെ തന്നെ അന്തസ്സാരശൂന്യതയാണ് വെളിവാക്കുന്നത്. ദൈവത്തേയും മറ്റുള്ളവരേയും സ്വന്തം മനഃസ്സാക്ഷിയേയും തന്നെ കേൾക്കാൻ മനസ്സില്ലാത്തവരുടെ ജല്പനങ്ങളാണ് അലസഭാഷണം. ഉത്തരവാദിത്വപൂർണ്ണമായ മധുരോക്തികളും അനുഗ്രഹ വചസ്സുകളുമാണ് പകരം നമ്മിലുണ്ടാകേണ്ടത്.**

തൃകയാണ് ഇവിടെ ഭക്തൻ തേടുന്നത്. കുരിശോളം, മരണത്തോളം അവിടുന്ന് തന്നെത്തന്നെ എളിമപ്പെടുത്തി, ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ക്ഷമയുടെ വലത്തുകരണം കാട്ടിക്കൊടുത്തു. സ്നേഹിതനുവേണ്ടിയല്ല; പാപംവഴി തന്റെ ശത്രുക്കളായിത്തീർന്ന വർക്കുവേണ്ടി മരണം വരിച്ചുകൊണ്ട് ലോകം കണ്ട ഏറ്റവും വലിയ സ്നേഹരാജാവായിത്തീർന്നു. പുത്രനിൽ വിളങ്ങിയ ഉന്നത സുകൃ തങ്ങൾ നേടി പിതാവിന്റെ പൂർണ്ണതയിലേയ്ക്കെത്താൻ ഒരു വിശ്വാ സിയെ ഒരുക്കുന്ന പ്രാർത്ഥനതന്നെയല്ലേ ഇത് ?

## 3. തെറ്റുതിരുത്തൽ

അവസാനത്തെ യാചനയാകട്ടെ, മനുഷ്യജീവിതം അനുദിനം നേരിടുന്ന സ്ഥലജലഭ്രമമാണ്! സ്വന്തം തെറ്റുകളുടെ മുമ്പിൽ കണ്ണ ടയ്ക്കുകയും മറ്റുള്ളവരുടെ കണ്ണിലെ കരട് തുലാമായി കാണുക യും ചെയ്യുന്ന മായാജാലം! സ്വന്തം തെറ്റുകളും കുറവുകളും തിരി ച്ചറിഞ്ഞാൽ അതുതന്നെയല്ലേ രക്ഷയുടെ കവാടം? മനുഷ്യാ, നീ നിന്നെത്തന്നെ അറിയുക എന്ന് പ്രാചീന ഗ്രീക്ക് ഓറക്കിൾ ഓരോ മനുഷ്യന്റെയും മുമ്പിൽ ഒരു ചോദ്യചിഹ്നമായുയരുന്നു. പക്ഷേ പ്രാർത്ഥനയിൽ, ദൈവകൃപയുടെ വെളിച്ചത്തിൽ, നമ്മിൽത്തന്നെ ഒളിപ്പിച്ചുവച്ചിരിക്കുന്ന വൈരുദ്ധ്യങ്ങളും തിന്മകളും നമ്മുടെ മുമ്പിൽ വെളിവാകുന്നു എന്ന ബെനഡിക്ട് പാപ്പയുടെ വാക്കുകൾ നമുക്ക് ഇവിടെ ഓർക്കാം. ('പ്രത്യാശയിൽ രക്ഷ') മറ്റുള്ളവരെ വിധിക്കാനും അവരെ തേജോവധത്തിലേയ്ക്കു നയിക്കാനുമുള്ള പ്രവണതയിൽ നിന്നും മോചനം പ്രാപിക്കേണ്ടതുണ്ട്. വിധി ദൈവത്തിനു വിട്ടുകൊ ടുത്തുകൊണ്ട് അപരനുവേണ്ടി പ്രാർത്ഥിക്കുകയല്ലേ കരണീയം ?

ആത്മീയ ജീവിതത്തിന്റെ പടവുകളോരോന്നും ചവിട്ടിക്കയ റാനുള്ള ക്ഷണം പകരുന്ന മഹാനായ മാർ അപ്രേം പിതാവിന്റെ പ്രാർത്ഥന നമ്മുടെയും പ്രാർത്ഥനയാക്കിത്തീർത്ത് ആത്മീയ സാധ നയിലേയ്ക്കു കടന്നുവരാൻ ഈ നോമ്പുകാലം നമ്മെ അനുഗ്രഹി ക്കട്ടെ. ●



**ജിജി തോമസ് പേരകശ്ശേരി**
**മരണം: 10.01.2021**

# ഓർമ്മകൾക്കു മുന്നിൽ...

''തായ്തണ്ടിനോട് ചേർന്ന് നിൽക്കുന്നവ കൂടുതൽ ഫലം പുറപ്പെടുവിക്കുന്നു'' (യോഹ. 15:5). അങ്ങനെ സഭയോടും സഭാത്മകജീവിതത്തോടും ചേർന്നുനിന്നു പ്രവർത്തിച്ച നമ്മുടെ പ്രിയപ്പെട്ട ജിജി പേരകശേരി ഇന്ന് സ്വർഗ്ഗത്തിലെ തോട്ടത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ പള്ളിയുടെ എല്ലാ മേഖലയിലുള്ള പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കാൻ ജിജിയോപ്പോലെ അക്ഷീണം പ്രയത്നിച്ച മറ്റൊരു വ്യക്തിയുണ്ടോ എന്നത് സംശയമാണ്. ഈ സേവനപ്രവർത്തനങ്ങൾക്ക് ഒപ്പംതന്നെ എടുത്തു പറയേണ്ട കാര്യമാണ് ഇടയൻ പാരിഷ് ബുള്ളറ്റിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ...

നമ്മുടെ പള്ളിയുടെ വാർത്തകളും സഭാചിന്തകളും നമ്മുടെ കൈകളിൽ എത്തിക്കാൻ 'ഇടയൻ' പാരിഷ് ബുള്ളറ്റിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ഇടയനുവേണ്ടി പരസ്യങ്ങൾ കണ്ടെത്തുന്നതു മുതൽ ഭവനങ്ങളിൽ വിത

രണം ചെയ്യുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ കൂടുതൽ താൽപര്യം കാട്ടുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്ത വ്യക്തിയായിരുന്നു പ്രിയപ്പെട്ട ജിജി പേരകശേരി.

സാമൂഹിക-സാമുദായിക-കാർഷിക മേഖലകളിൽ ചങ്ങനാശേരിയിലെ നിറസാന്നിദ്ധ്യമായിരുന്ന ജിജി, പാവപ്പെട്ട രോഗികൾക്കും ബുദ്ധിമുട്ടനുഭവിക്കുന്നവർക്കും സഹായമെത്തിക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നു.

കാൻസർ, വൃക്കരോഗികൾക്ക് സഹായം നൽകുന്നതിനായി ചീരഞ്ചിറ ചാരിറ്റി വേൾഡുമായി ചേർന്ന് നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തന്റെ വരുമാനത്തിന്റെ നല്ലഭാഗവും ചാരിറ്റി പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചിരുന്ന അദ്ദേഹം 2018ലെ മഹാ പ്രളയത്തിലും 2019, 2020 വെള്ളപ്പൊക്കത്തിലും രക്ഷാപ്രവർത്തകനായും സൗജന്യ ഭക്ഷണകിറ്റുകൾ നൽകുന്നതിലും വലിയ പങ്കുവഹിച്ചു.

അതിരൂപത-ഫൊറോനാ-ഇടവക-സാമൂഹികതലങ്ങളിൽ 13 -ഓളം സാംസ്കാരിക സംഘടനകളിൽ നേതൃത്വം വഹിച്ചിരുന്ന അദ്ദേഹത്തിന്റെ നേതൃപാടവം എടുത്തു പറയേണ്ടതാണ്.

കത്തീഡ്രൽപള്ളി കൈക്കാരൻ, പാരിഷ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗം, കുടുംബക്കൂട്ടായ്മ ലീഡർ, മദ്യവിരുദ്ധസമിതി ഭാരവാഹി, എ.കെ.സി.സി. ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മാർത്തോമ്മാ സാംസ്കാരികവേദി, ചങ്ങനാശേരി എക്യുമെനിക്കൽ മൂവ്മെന്റ്, മദർ തെരേസാ ഫൗണ്ടേഷൻ തുടങ്ങി വിവിധ സംഘടനകളുടെ നേതൃനിരയിലുമുണ്ടായിരുന്നു. ഇടവക സമൂഹത്തിനുവേണ്ടി അക്ഷീണം പ്രയത്നിച്ച പേരകശേരി ജിജിയുടെ നല്ല ഓർമ്മകൾക്കു മുമ്പിൽ പ്രാർത്ഥനയോടെ....

**ജോബി ജോസ് തൂമ്പുങ്കൽ**

**EDAYAN MEDIA YouTube**




നമ്മുടെ ഇടവകയുടെ YOUTUBE ചാനലിലേക്ക് വീഡിയോകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കൊച്ചച്ചന്മാരുമായി ബന്ധപ്പെടുക. 9497801968

PLEASE SUBSCRIBE

## 'ഇടയനിൽ ഒരിടം'

സൺഡേസ്കൂൾ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ ഇടയനിൽ ഒരിടം...

ഈ പംക്തിയിലേക്ക് കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ക്ഷണിക്കുന്നു... കൂടുതൽ വിവരങ്ങൾക്ക് ചീഫ് എഡിറ്ററുമായി ബന്ധപ്പെടുക.



Sona Antony
Koodathinkal
Class: 11






# വിശുദ്ധവാര തിരുക്കർമ്മങ്ങൾ

## നാൽപ്പതുമണി ആരാധന

**മാർച്ച് 23, 24, 25 (ചൊവ്വാ, ബുധൻ, വ്യാഴം)**

5.30 am : സപ്രാ, പരി. കുർബാന, സ്ലീവാപ്പാത

7.00 am : പരി. കുർബാന

8.00 am – 8.00 pm : ആരാധന

**2021 മാർച്ച് 25 വ്യാഴം മംഗളവാർത്തത്തിരുനാൾ**

5.30 am : സപ്രാ, പരി. കുർബാന, സ്ലീവാപ്പാത

6.30 am : **മശ്ശംശാന പട്ടം നൽകൽ ശുശ്രൂഷ,**
പരി. കുർബാന
**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**
**മാർ തോമസ് തറയിൽ മെത്രാൻ**

8.00 am – 8.00 pm : ആരാധന

7.30 pm : **പരി. കുർബാനയുടെ പ്രദക്ഷിണം**

**2021 മാർച്ച് 26 നാൽപ്പതാം വെള്ളി (ലാസറിന്റെ വെള്ളി)**

5.30 am : സപ്രാ, പരി. കുർബാന, സ്ലീവാപ്പാത

7.00 am : പരി. കുർബാന

4.00 pm : പരി. കുർബാന, **ആഘോഷമായ സ്ലീവാപ്പാത**
(നഗരം ചുറ്റി)

## 2021 മാർച്ച് 27 ശനി ലാസറിന്റെ ശനി (കൊഴുക്കട്ട ശനി)

5.30 am : സപ്രാ, പരി. കുർബാന,
**സ്ലീവാപ്പാത**

7.00 am : പരി. കുർബാന

5.00 pm : പരി. കുർബാന



## 2021 മാർച്ച് 28 ഓശാന ഞായർ

6.30 am : കുരുത്തോലവെഞ്ചരിപ്പ് (പാരീഷ് ഹാളിൽ)
: പ്രദക്ഷിണം,
**ആഘോഷമായ പരി. കുർബാന,** പ്രസംഗം

8.30 am, 10.00, 5.00 pm : പരി. കുർബാന

## 2021 മാർച്ച് 29 – 31 കുമ്പസാരദിനങ്ങൾ

5.30 am : സപ്രാ, പരി. കുർബാന,
**സ്ലീവാപ്പാത**

7.30 am : പരി. കുർബാന

5.00 pm : പരി. കുർബാന

9.00 am – 12.00 noon & 5.00 pm 7.30 pm : വി. കുമ്പസാരം

## 2021 ഏപ്രിൽ 1 പെസഹാ വ്യാഴം

6.30 am : സപ്രാ

9.00 am : ഖുഥാആ

12.00 noon : എന്ദാനാ

4.30 pm : റംശാ
**ആഘോഷമായ പരി. കുർബാന**
**കാൽ കഴുകൽ ശുശ്രൂഷ,** പ്രസംഗം
**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ**

6.30 pm : **പൊതു ആരാധന** (7 pm വരെ)





## 2021 ഏപ്രിൽ 2 പീഡാനുഭവവെള്ളി

| | | |
|---|---|---|
| 5.45 am | : | സപ്രാ |
| 6.00 am – 12.00 | : | ആരാധന (വിവിധ സംഘടനകൾ, കൂട്ടായ്മകൾ) |
| 12.00 noon | : | എന്ദാനാ |
| 2.30 pm | : | **പീഡാനുഭവ വെള്ളി തിരുക്കർമ്മങ്ങൾ**<br>**നഗരികാണിക്കൽ,**<br>സ്ലീവാ/ തിരുസ്വരൂപ വന്ദനം |




## 2021 ഏപ്രിൽ 3 വലിയ ശനി

| | | |
|---|---|---|
| 6.30 am | : | സപ്രാ |
| 9.00 am | : | ഖുഥാആ |
| 12.00 noon | : | എന്ദാനാ |
| 4.30 pm | : | **പരി. കുർബാന**<br>മാമ്മോദീസാ വ്രതനവീകരണം,<br>പുത്തൻ തീ, പുത്തൻ വെള്ളം വെഞ്ചരിപ്പ് |

## 2021 ഏപ്രിൽ 4 ഉയിർപ്പുതിരുനാൾ

| | | |
|---|---|---|
| 2.30 am | : | ഉയിർപ്പുതിരുക്കർമ്മങ്ങൾ<br>**ആഘോഷമായ പരി. കുർബാന,**<br>പ്രദക്ഷിണം, പ്രസംഗം<br>**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ** |
| 6.15 am, 8.00 am | : | പരി. കുർബാന<br>(വൈകുന്നേരം പരി. കുർബാന ഇല്ല) |



# ജലത്താലും ആത്മാവിനാലും

1. തുണ്ടിയിൽ പറമ്പിൽ റിന്റു-ജൂബി മകൾ മറിയം - 19.12.2020
2. മാമ്മൂട്ടിൽ കെവിൻ-ഹന്നാ മകൾ തെരേസ - 26.12.2020
3. കുരിശുംമൂട്ടിൽ സെബാസ്റ്റ്യൻ-ഷിമി മകൻ ഗബ്രിയേൽ - 26.12.2020
4. പെരുമ്പായിൽ ജിജിൻ-ബീന മകൾ അന്ന - 27.12.2020
5. ചീരംവേലിൽ പീറ്റർ-ലിൻ മകൻ ജോസഫ് - 03.01.2021
6. കടന്തോട് ഫിലിപ്പ്-അന്നമ്മ മകൻ ജോസഫ് - 16.01.2021
7. കളപ്പുരയ്ക്കൽ ഫ്രാൻസിസ്-ജൂലിയ മകൻ സെബാൻ - 10.01.2021
8. മാറാട്ടുകുളം ചാക്കോ-റോസമ്മ മകൻ ആന്റണി - 17.01.2021
9. കടന്തോട് പ്രതീഷ്-ജൂലി മകൾ മറിയം - 25.01.2021
10. മൂലയിൽ ജോൺ-റേച്ചൽ മകൾ എലിസബത്ത് - 26.01.2021
11. നെല്ലിപ്പള്ളി റ്റിനു-ആഷ്മിൻ മകൾ മരിയ - 26.01.2021
12. പുതുപ്പറമ്പിൽ നെൽസൺ-മേരി മകൾ ത്രേസ്യ - 30.01.2021
13. കളീയ്ക്കപ്പറമ്പിൽ ഷാരോൺ-റ്റെസിൻ മകൾ എലിസബത്ത് - 07.02.2021
14. കാഞ്ഞിരത്തുംമൂട്ടിൽ റ്റോണി-എയ്ഞ്ചൽ മകൾ ട്രെസ - 09.02.2021
15. പാലത്തിങ്കൽ സാം-സന്ധ്യ മകൾ അന്ന - 13.02.2021
16. കയ്യാലപ്പറമ്പിൽ ജോസ്മോൻ-റ്റിന്റു മകൾ കാതറിൻ - 24.02.2021



# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക ചെങ്ങാട്ട് ജോസ്-ലൗലി മകൻ അഗസ്റ്റി, തലശ്ശേരി രൂപത മണ്ഡപം ഇടവക വാതപ്പള്ളിൽ ഡൊമിനിച്ചൻ-ത്രേസ്യാമ്മ മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 28.12.2020
2. ഈ ഇടവക നെടുംപറമ്പിൽ വർഗീസ്-മോളി മകൻ മത്തായിയും കരിമണ്ണൂർ ഇടവക വെള്ളാപ്പള്ളിൽ ജോസ്-വൽസമ്മ മകൾ റോസ്മേരിയും തമ്മിലുള്ള വിവാഹം - 28.12.2020

3. ഈ ഇടവക കടുപ്പിൽ ജോസഫ്-സോമി മകൻ തോമസ് മുണ്ടത്താനം ഇടവക പുത്തൻപുരയ്ക്കൽ ജോൺ-മരിയ മകൾ കൊച്ചുത്രേസ്യയും തമ്മിലുള്ള വിവാഹം - 29.12.2020
4. ഈ ഇടവക വാണിയപ്പുരയ്ക്കൽ ടോമിച്ചൻ-എൽസമ്മ മകൻ കുരുവിളയും തൃക്കൊടിത്താനം ഇടവക മുക്കാട്ടുകാവുങ്കൽ ജോൺ-മറിയാമ്മ മകൾ മറിയവും തമ്മിലുള്ള വിവാഹം - 31.12.2020
5. ഈ ഇടവക തേവലക്കര ലൂയിസ്-മേരിക്കുട്ടി മകൻ ഫിലിപ്പോസും ആനക്കല്ല് ഇടവക ഏറത്തേടത്ത് എബ്രഹാം-റോസമ്മ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 02.01. 2021
6. ഈ ഇടവക പൂവത്തിങ്കൽ ജോസഫ്-ലില്ലി മകൻ ചെറിയാനും പള്ളിയ്ക്കാമുറി ഇടവക പടിഞ്ഞാറേക്കര ജെയിംസ്-മരിയ മകൾ ക്രിസ്റ്റീനയും തമ്മിലുള്ള വിവാഹം - 03.01.2021
7. ഈ ഇടവക കടന്തോട് ജോസഫ്-റോസമ്മ മകൻ ആന്റണിയും ബൽത്തങ്ങാടി രൂപത ഹോസ്കോട്ട് ഇടവക കൈപ്പുശ്ശേരിൽ അച്ചൻ കുഞ്ഞ്-രമണി മകൾ അനുമോളും തമ്മിലുള്ള വിവാഹം - 07.01.2021
8. ഈ ഇടവക തൂമ്പുങ്കൽ ജോസഫ്-മേരി മകൻ തോമസും പള്ളിക്കുന്ന് ഇടവക ചെതലൻ ജോൺസൺ-മേഴ്സി മകൾ ഏലിയായും തമ്മിലുള്ള വിവാഹം - 16.01.2021
9. ഈ ഇടവക തോട്ടപ്പള്ളി ആന്റണി-റബേക്ക മകൻ ജോസും ഗാന്ധിനഗർ ഇടവക തോട്ടത്തിൽ കുര്യാക്കോസ്-ലാലു മകൾ മെർളിയും തമ്മിലുള്ള വിവാഹം - 25.01.2021
10. ഈ ഇടവക കരിങ്ങട ജോർജ്-ഗ്രേസ് മകൻ ജോസും താമരശ്ശേരി രൂപത തലയാട് ഇടവക പെരിഞ്ചെല്ലൂർ തോമസ്-അന്ന മകൾ മേരിയും തമ്മിലുള്ള വിവാഹം - 28.01.2021
11. ഈ ഇടവക പേരങ്ങാട്ട് ആന്റണി-തങ്കമ്മ മകൻ തോമസും ഈ ഇടവക മെതിക്കളം റേ-മറിയാമ്മ മകൾ അന്നയും തമ്മിലുള്ള വിവാഹം - 01.02.2021
12. ഈ ഇടവക ചെന്നിത്തല തോമസ്-ലിസമ്മ മകൻ ആന്റണിയും ചെത്തിപ്പുഴ ഇടവക മംഗ്ലാവിൽ ജോസഫ്-ഏലിയാമ്മ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 03.02.2021
13. ഈ ഇടവക നെടിയകാലാപ്പറമ്പിൽ തോമസ്-ലിസി മകൻ തോമസും മേക്കാട് ഇടവക പ്ലാപുഴ ജോൺ-ആനിബെസന്റ് മകൾ ലൂസിയയും തമ്മിലുള്ള വിവാഹം - 07.02.2021
14. ഈ ഇടവക മണക്കളം ജാർളി-നാൻസി മകൻ സിറിയക്കും കാരക്കുന്നം ഇടവക നാമറ്റത്തിൽ ജോർജ്-ജോബി മകൾ അൽഫോൻസയും തമ്മിലുള്ള വിവാഹം - 10.02.2021
15. ഈ ഇടവക നാകത്തിൽ തോമസ്-കൊച്ചുറാണി മകൻ ജോസഫും വൈക്കം ഇടവക അപ്പശ്ശേരി തോമസ്-മേരി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 20.12.2020

16. ഈ ഇടവക എബ്രാംമഠം മാത്യു-റോസമ്മ മകൻ തോമസും തൃപ്പൂണിത്തുറ ഇടവക തെങ്ങുംമൂട്ടിൽ ഫ്രാൻസിസ്-കവിത മകൾ മേരിയും തമ്മിലുള്ള വിവാഹം - 30.12.2020
17. ഈ ഇടവക ഒളശ്ശയിൽ വർഗീസ്-ഡെയ്സി മകൻ തോമസും തുരുത്തി ഇടവക കല്ലുമാടിയ്ക്കൽ സാബുരാജ്-മിനി മകൾ മറിയവും തമ്മിലുള്ള വിവാഹം - 03.01.2021
18. ഈ ഇടവക വലിയവീട്ടിൽ ഡോണി-റ്റെസി മകൻ ജോൺ ബോസ്കോയും കോതനല്ലൂർ ഇടവക നെറ്റിക്കാട്ടേ ജോർജ്-മോളി മകൾ മേരിയും തമ്മിലുള്ള വിവാഹം - 24.01.2021
19. ഈ ഇടവക അയ്യംപാക്കൽ ഔസേഫ് - ഏലിയാമ്മ മകൻ ആന്റണിയും കലവൂർ ഇടവക വടക്കേത്തലയ്ക്കൽ ജോസഫ് - ത്രേസ്യാമ്മ മകൾ കൊച്ചുത്രേസ്യയും തമ്മിലുള്ള വിവാഹം - 10.02.2021

# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | കല്ലുകളം ത്രേസ്യാമ്മ ജോബ് (84 വയസ്) | - 20.12.2020 |
| 2. | പ്ലാംപറമ്പിൽ ത്രേസ്യാമ്മ (74 വയസ്) | - 24.12.2020 |
| 3. | തോട്ടുകടവിൽ ഏലിക്കുട്ടി മാത്യു(93 വയസ്) | - 26.12.2020 |
| 4. | കുരിശിങ്കൽപറമ്പിൽ വർഗീസ് തോമസ് (82 വയസ്) | - 29.12.2020 |
| 5. | തകിടിയേൽ ലാലി തോമസ് (55 വയസ്) | - 04.01-2021 |
| 6. | കൈതമറ്റം മേരിക്കുട്ടി മാത്യു (79 വയസ്) | - 06.01.2021 |
| 7. | പേരകശ്ശേരി ജിജി തോമസ് (54 വയസ്) | - 10.01.2021 |
| 8. | കൂട്ടുമ്മേൽ സ്കറിയ തോമസ് (67 വയസ്) | - 12.01.2021 |
| 9. | തൂമ്പുങ്കൽ തോമസ് വർഗീസ് (94 വയസ്) | - 13.01.2021 |
| 10. | ളാകപ്പറമ്പിൽ തോമസ് ജോൺ (58 വയസ്) | - 13.01.2021 |
| 11. | കൊച്ചുകണ്ണാത്ത് റോസമ്മ ചാക്കോ (78 വയസ്) | - 28.01.2021 |
| 12. | കുരിശിങ്കൽപറമ്പിൽ ത്രേസ്യാമ്മ ജോൺ (77 വയസ്) | - 29.01.2021 |
| 13. | മുകുന്ദംകേരി മിനി മാത്യു (76 വയസ്) | -31.01.2021 |
| 14. | തെക്കേക്കുന്നേൽ റ്റി.വി. വർക്കി (86 വയസ്) | 03.02.2021 |
| 15. | പടിഞ്ഞാറേക്കളം അന്നമ്മ ജോസഫ് (96 വയസ്) | - 06.02.2021 |
| 16. | താമല്ലൂർ സേവ്യർ ജോസഫ് (73 വയസ്) | - 06.02.2021 |
| 17. | പൊട്ടുകളം തോമസ് ദേവസ്യാ (58 വയസ്) | - 08.02.2021 |
| 18. | കുളത്തുങ്കൽ എലിസബത്ത് (91 വയസ്) | - 16.02.2021 |
| 19. | ഇലഞ്ഞിപ്പറമ്പിൽ മേരിക്കുട്ടി സെബാസ്റ്റ്യൻ(78 വയസ്) | - 19.02.2021 |
| 20. | കാഞ്ഞിരത്തുംമൂട്ടിൽ വർഗീസ് ഉലഹന്നാൻ (59 വയസ്) | - 18.02.2021 |
| 21. | കടന്തോട് ചിന്നമ്മ തോമസ് (82 വയസ്) | - 26.02.2021 |